പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5231 24.10.2011- ലെ മറുപടി

## പന്തളത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി

ചോദ്യം ഉത്തരം

ശ്രീ. ചിറയം ഗോപകുമാർ

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ശബരിമല സീസൺ ആരംഭിക്കാനിരിക്കെ അടൂർ നിയോജക മണ്ഡലത്തിൽ അയ്യപ്പഭക്തന്മാരുടെ യാത്രാ സൗകര്യത്തിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തുവാനുദ്ദേശിക്കുന്നത് ; വിശദാംശം അറിയിക്കുമോ ; | (എ) | മുൻ വർഷങ്ങളിലെപ്പോലെ തീർത്ഥാടക തിരക്ക് കണക്കിലെടുത്ത് അടൂരിൽ നിന്നും പമ്പയ്ക്ക് ആവശ്യാനുസരണം ബസ്സ് സർവ്വീസുകൾ അയയ്ക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പുറമെ ഡിപ്പോ പരിസരത്ത് തീർത്ഥാടകർക്ക് വിശ്രമ സൗകര്യവും ഒരുക്കുന്നതാണ്. കഴിഞ്ഞ മണ്ഡലകാലത്ത് പത്തനംതിട്ട മുതൽ പമ്പ വരെയുള്ള 86 കിലോമീറ്റർ ദൂരത്തിൽ നടപ്പാക്കിയ 'സേഫ് സോൺ' പ്രൊജക്ട് ഈ വർഷം അയൽ ജില്ലകളായ കോട്ടയം, ഇടുക്കി എന്നിവയെക്കൂടി ഉൾപ്പെടുത്തി വിപുലീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രധാന ഇടത്താവളമായ പന്തളത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിലേക്കായി പുതിയതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന ക്രമീകരണങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ ? | (ബി) | പന്തളത്തുനിന്ന് പമ്പക്കും എരുമേലിക്കും ആവശ്യാനുസരണം ബസ്സ് സർവ്വീസുകൾ അയയ്ക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഇതിനകം ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. ശബരിമല മഹോത്സവം തുടങ്ങുന്നതിനു മുൻപായിതന്നെ പന്തളം ഓപ്പറേറ്റിംഗ് സെന്ററിലെ യാർഡ് ടാർ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. മണികണ്ഠൻ ആൾത്തറ ജംഗ്ഷനിൽ തീർത്ഥാടന കാലത്ത് എല്ലാത്തരം ബസ്സുകളും നിർത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി കഴിഞ്ഞു. പുറമെ അവിടെ നിന്നും തീർത്ഥാടകരെ ബസ്സുകളിൽ കയറ്റി വിടുന്നതിന് ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതാണ് ശബരിമല തീർത്ഥാടകർക്ക് പന്തളം ബസ് സ്റ്റേഷനിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടിയും കൈക്കൊണ്ടുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ